പാചകവാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടിക്കുന്ന വാഹനങ്ങൾ

20 [*350]ശ്രീ.തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല വാഹനങ്ങളിലും പാചകവാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. പാചക വാതക സിലിണ്ടറുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുണ്ട്.

ചെറുകിട വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

21 [*351]ശ്രീ.കെ. പി. മോഹനൻ :

,, സി. കെ. നാണു :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ കേരളത്തിലെ ചെറുകിട വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര സർക്കാർ മുമ്പാകെ എന്തെങ്കിലും നിവേദനം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സാമ്പത്തിക വർഷം കൈത്തറി, കയർ, കശുവണ്ടി തുടങ്ങിയ ചെറുകിട വ്യവസായങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായി എന്തെങ്കിലും സഹായം കേരള സർക്കാരിനു ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ)യും (ബി)യും ഉണ്ട്. കയർ, കശുവണ്ടി, കൈത്തറി, ഹാന്റി ക്രാഫ്റ്റ്സ് ഇവയുടെ 'ടെക്നോളജി'യും വിപണനവും വികസിപ്പിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)യും (ഡി)യും നടപ്പു സാമ്പത്തിക വർഷം പരമ്പരാഗത വ്യവസായങ്ങ ക്കായി പ്രത്യേക ധനസഹായമായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 3 കോടി രൂപ കൈത്തറിക്കും 5 കോടി രൂപ കയറിനും, കരകൗശലത്തിന് 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കശുവണ്ടിയ്ക്ക് പ്രത്യേക ധനസഹായമൊന്നും ലഭിച്ചിട്ടില്ല. ഇതു കൂടാതെ കൈത്തറി വികസനത്തിനായി ഈ സാമ്പത്തിക വർഷം ഇതുവരെ 13.04 കോടി രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

കേരളത്തിൽ സ്വർണ്ണ നിക്ഷേപമുള്ള സ്ഥലങ്ങൾ

22 [*352]ശ്രീ.കെ.മോഹനൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് സ്വർണ്ണ നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) സ്വർണ്ണ നിക്ഷേപം സംബന്ധമായ ഗവേഷണങ്ങളും ഉത്ഖനനവും നടത്തുന്ന ഏജൻസികൾ ഏതെല്ലാമാണ്; ഇവയുടെ നിയന്ത്രണം ഏതു വകുപ്പിനാണ് ;

(സി) കേരളത്തിലെ സ്വർണ്ണ നിക്ഷേപം, വ്യവസായ വകുപ്പിന്റെ ചുമതലയിലും പങ്കാളിത്തത്തിലും ഉള്ള ഏജൻസിവഴി ഖനനം നടത്തി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) അതാത് പ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു കൂടി സ്വർണ്ണ നിക്ഷേപ സംബന്ധമായ ഗവേഷണ പഠന വിവരം ലഭ്യമാക്കാൻ നിർദ്ദേശിക്കുമോ ;

(ഇ) താല്പര്യമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളെ കൂടി പങ്കാളികളാക്കി ഖനന വ്യവസായം ആരംഭിക്കാൻ നടപടിയെടുക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേരളത്തിൽ വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽപ്പെട്ട മേപ്പാടി, ചുണ്ടയിൽ, വൈത്തിരി താരിയോട്, മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിലെ മരുത, മണ്ണുച്ചീനി, തണ്ണിക്കടവ്, കാപ്പിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നീ സ്ഥലങ്ങളിൽ സ്വർണ്ണ നിക്ഷേപമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പുന്നപ്പുഴ, ചാലിയാർ നദീതടങ്ങളിൽ പ്ലേസർ സ്വർണ്ണ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്.

(ബി)യും (സി)യും കേരളത്തിൽ സ്വർണ്ണനിക്ഷേപം സംബന്ധമായ ഗവേഷണം നടത്തുന്നത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള മൈനിങ് ആന്റ് ജിയോളജി വകുപ്പും കേന്ദ്ര സർക്കാരിന്റെ ഖനി വകുപ്പിന്റെ കീഴിലുള്ള ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുമാണ്.

ഈ പരിശോധനകൾക്കു ശേഷം മാത്രമേ ഖനന സംബന്ധമായ തീരുമാനം എടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly